(ബി) 2000-01, 2001-02, 2002-03 സാമ്പത്തിക വർഷങ്ങളിൽ ഹൗസ് ബോട്ടുകൾ വാടകയ്ക്ക് കൊടുത്ത വകയിൽ ഓരോ വർഷവും എന്തു തുക വീതം ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) രണ്ട് ഹൗസ് ബോട്ടുകൾ ടൂറിസം വകുപ്പ് നൽകിയിരുന്നു. അവ ഇപ്പോൾ പ്രവർത്തനക്ഷമമല്ല.

(ബി) 2000-2001 .. ഒരു തുകയും ലഭിച്ചിട്ടില്ല.
2001-2002 .. 1 ലക്ഷം രൂപ ലഭിച്ചു.
2002-2003 .. ഒരു തുകയും ലഭിച്ചിട്ടില്ല.

പള്ളിക്കര-ചേറ്റുകുണ്ട്-അജാന്നൂർ കടപ്പുറം റോഡ് വികസന സമിതി

95 [980] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ടൂറിസം വികസനത്തിന് ഏറെ പ്രയോജനപ്പെടുന്ന പള്ളിക്കര-ചേറ്റുകുണ്ട്-അജാന്നൂർ കടപ്പുറം റോഡ്, സർക്കാരിന്റെ പരിഗണനയിലുണ്ടോ യെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ, ബി) ഈ റോഡിന്റെ ടൂറിസം സാദ്ധ്യതകൾ വിലയിരുത്തി അതിൻ പ്രകാരം വിശദമായ പദ്ധതികൾ സമർപ്പിക്കാൻ കാസർഗോഡ് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. മുൻഗണനാക്രമവും ധനലഭ്യതയുമനുസരി ച്ചായിരിക്കും ഇത്തരം പദ്ധതികൾ പരിഗണിക്കുക.

കാർ ക്ലീനർ തസ്തികയിൽ സ്ഥിരം നിയമനം നടത്താൻ നടപടി

96 [981] ശ്രീ. പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിന്റെ കീഴിലുള്ള ഗ്യാരേജിൽ ഒഴിവുള്ള 5 കാർ ക്ലീനർ തസ്തികയിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ ആൾക്കാർ ജോലി ചെയ്യുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ദിവസക്കൂലിക്കാരെ പിരിച്ചുവിട്ട് സ്ഥിരനിയമനം നടത്തുന്നതിന് സത്വരനടപടി സ്വീകരിക്കുമോ;

(സി) ഇത് സംബന്ധിച്ച വിശദവിവരങ്ങൾ വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly